കേരള സർക്കാർ
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 10 | ആഗസ്റ്റ് 31, 2021

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര വാർത്താ പത്രിക

അകത്താളുകളിൽ

2 'ഓണത്തിനൊരു മുറം പച്ചക്കറി' മന്ത്രിമാർ ഒരുമിച്ച് വിളവെടുപ്പ് ആഘോഷമാക്കി
3 സംഭരണം സംസ്കരണം വിപണനം എന്നിവയ്ക്ക് ഊന്നൽ നൽകി കർഷക വരുമാനം വർദ്ധിപ്പിക്കും
4 പാഷൻ ഫ്രൂട്ട്

## കാർഷിക മേഖലയിൽ നവീന ആശയങ്ങൾ നടപ്പിലാക്കണം - മുഖ്യമന്ത്രി

കാർഷികമേഖലയിൽ മറ്റു രാജ്യങ്ങളിൽ നടപ്പിലാക്കുന്നതുപോലുള്ള അത്യാധുനിക സംവിധാനങ്ങൾ നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. സംസ്ഥാനം സാമ്പത്തികവും സാമൂഹികവുമായ അതിജീവനത്തിന്റെ പാതയിലാണ്. അതിജീവനത്തിൽ കൃഷിക്കുള്ള പങ്ക് സുപ്രധാനമാണ്. കാരണം ഭക്ഷ്യസുരക്ഷയാണ് നമുക്ക് പ്രധാനം. കർഷക ദിനം അതിന്റെ മുന്നൊരുക്കങ്ങൾക്കു വേദിയാകണമെന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അഭിപ്രായപ്പെട്ടു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന കർഷക ദിനാഘോഷം ചിങ്ങം ഒന്നിന് (17-08-2021) ആലപ്പുഴ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ പി. പി സ്വാതന്ത്ര്യം സ്മാരക കമ്മ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ ഓൺലൈനായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദിന്റെ അധ്യക്ഷതയിലായിരുന്നു ഉദ്ഘാടനസമ്മേളനം. ആലപ്പുഴ എം.പി ശ്രീ. എ.എം ആരിഫ് ചടങ്ങിൽ സാന്നിധ്യം വഹിച്ചു.

രാജ്യത്തിനു തന്നെ മാതൃകയായിട്ടുള്ള പല നേട്ടങ്ങളും കാർഷികമേഖലയിൽ സംസ്ഥാനത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതായി മുഖ്യമന്ത്രി സൂചിപ്പിച്ചു. 16 ഇനം പച്ചക്കറികൾക്ക് നടപ്പിലാക്കിയ താങ്ങുവില സമ്പ്രദായം, നെൽവയൽ ഉടമസ്ഥർക്കുള്ള റോയൽറ്റി, വിള ഇഷുറൻസ് പദ്ധതി






എന്നിവ മറ്റു സംസ്ഥാനങ്ങൾക്ക് കൂടി മാതൃകയാണ്. പ്രതിസന്ധിഘട്ടത്തിലും സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകളിലൂടെ ഉത്പാദനം വർദ്ധിപ്പിക്കുവാനായത് വലിയൊരു നേട്ടമാണ്. നെൽകൃഷിയുടെ വിസ്തൃതി 2016 ൽ 1.70 ലക്ഷം ഹെക്ടർ ആയിരുന്നത് 2018 ൽ 2.25 ലക്ഷം ഹെക്ടറും 2021ൽ 2.31 ലക്ഷം ഹെക്ടർ ആയും വർദ്ധിപ്പിക്കുവാനായി. പച്ചക്കറി ഉത്പാദനത്തിലും അഭൂതപൂർവമായ നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്ര

ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എം.എസ്. പ്രമോദ് കുമാർ
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

ളയവും മഹാമാരിയും പ്രതിസന്ധി സൃഷ്ടിച്ചെങ്കിലും കാർഷിക മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള മുന്നേറ്റം ആശാവഹമാണെന്നും മുഖ്യമന്ത്രി സൂചിപ്പിച്ചു.

പരമ്പരാഗത കാർഷിക വിദ്യകളോടൊപ്പം ആധുനിക ശാസ്ത്ര രീതികൾ കൂടി സമന്വയിപ്പിച്ച് കർഷകർക്ക് നേട്ടമുണ്ടാക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് അധ്യക്ഷപ്രസംഗത്തിൽ കൃഷിമന്ത്രി പി. പ്രസാദ് സൂചിപ്പിച്ചു. സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ളതായിരിക്കും കൃഷിവകുപ്പിന്റെ പദ്ധതികൾ. ഉടൻ തന്നെ 25 കർഷകോത്പാദക കമ്പനികൾ സംസ്ഥാനത്ത് യാഥാർഥ്യമാകും. കാർഷികോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉൽപ്പാദനത്തിനും വിപണനത്തിനും വ്യക്തമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാനായാൽ വിപണനത്തിലെ പ്രതിസന്ധികൾ ഏറെക്കുറെ പരിഹരിക്കാനാകുമെന്ന് എം. പി. ശ്രീ. എ.എം. ആരിഫ് അഭിപ്രായപ്പെട്ടു.

കഞ്ഞിക്കുഴി പഞ്ചായത്തിലെ മികച്ച കർഷകരെ കൃഷി മന്ത്രി ചടങ്ങിൽ ആദരിക്കുകയുണ്ടായി. മികച്ച നെൽ കർഷകനായ ശ്രീ. എം. സതീഷ്, കേര കർഷകനായ ശ്രീ. രാധാകൃഷ്ണൻ, മുതിർന്ന കർഷക തൊഴിലാളിയായ ശ്രീമതി. വനജാക്ഷിയമ്മ, സമ്മിശ്ര കർഷകനായ ശ്രീ. ചന്ദ്രശേഖരപ്പണിക്കർ, വനിതാ കർഷക ശ്രീമതി. ആഷാ ബൈജു, എസ്.സി. വിഭാഗം കർഷക ശ്രീമതി. രേണുക, മുതിർന്ന കർഷകതൊഴിലാളി ശ്രീ. ശ്രീധരൻ, പച്ചക്കറി കർഷകൻ ശ്രീ. പി. ഹരിദാസ്, ക്ഷീരകർഷക ശ്രീമതി. വിജയലക്ഷ്മി, കുട്ടി കർഷകരായ ശ്രീ. റോസ് സെബാസ്റ്റ്യൻ, ശ്രീമതി. സൗപർണ്ണിക സായി, ശ്രീമതി. അനുകൃഷ്ണൻ എന്നിവരെ കൃഷിമന്ത്രി ആദരിക്കുകയുണ്ടായി.

ചടങ്ങിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ.ജി രാജേശ്വരി, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി. ജി മോഹനൻ, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഗീതാ കാർത്തികേയൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ആർ. ശ്രീരേഖ എന്നിവർ ആശംസകൾ അറിയിച്ചു. കൃഷിവകുപ്പ് സെക്രട്ടറി ശ്രീമതി.സി.എ. ലത ഐ.എ.എസ് പദ്ധതി വിശദീകരണം നടത്തി. കൃഷി ഡയറക്ടർ ഡോ. കെ. വാസുകി ഐ.എ.എസ്. ചടങ്ങിന് സ്വാഗതവും കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എം. സന്തോഷ് കുമാർ നന്ദിയും അറിയിച്ചു.

# 'ഓണത്തിനൊരു മുറം പച്ചക്കറി' മന്ത്രിമാർ ഒരുമിച്ച് വിളവെടുപ്പ് ആഘോഷമാക്കി



സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'ഓണത്തിനൊരു മുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി സെക്രട്ടറിയേറ്റ് വളപ്പിൽ കൃഷി ചെയ്ത പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് കൃഷി മന്ത്രി ശ്രീ. പി. പ്രസാദിന്റെ നേതൃത്വത്തിൽ മന്ത്രിമാരായ ശ്രീ. കെ.എൻബാലഗോപാലൻ, ശ്രീ. ജി.ആർ. അനിൽ, ശ്രീ. വി. ശിവൻകുട്ടി, ശ്രീ. ആന്റണി രാജു, ശ്രീ. റോഷി അഗസ്റ്റിൻ, ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ് എന്നിവർ ചേർന്ന് ആഗസ്റ്റ് 18 ന് നടത്തി. കഴിഞ്ഞ ജൂൺ 11 ന് മുഖ്യമന്ത്രിയായിരുന്നു പച്ചക്കറി തൈകൾ നട്ടു കൊണ്ട് പദ്ധതി ഉദ്ഘാടനം ചെയ്തത്. 68 ദിവസത്തിനകം തന്നെ ചീര, വഴുതന, മുളക്, തക്കാളി, വെണ്ട എന്നിവ വിളവെടുപ്പിന് പാകമാകുകയും ചെയ്തു.

'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി പ്രകാരം 50 ലക്ഷം വിത്ത് പാക്കറ്റുകളും ഒന്നരക്കോടി പച്ചക്കറിതൈകളുമാണ് കൃഷിവകുപ്പ് ജനങ്ങൾക്ക് ജൂൺ മാസം പകുതിയോടെ വിതരണം ചെയ്തത്. ഓണം അടുത്തപ്പോഴേക്കും ഇതെല്ലാം തന്നെ വിളവെടുക്കാറായിരിക്കുകയാണ്.

സെക്രട്ടറിയേറ്റ് അങ്കണത്തിൽ ഗാർഡൻ സൂപ്പർവൈസർ സുരേഷിന്റെ നേതൃത്വത്തിലായിരുന്നു കൃഷി നടന്നത്. സെക്രട്ടറിയേറ്റിനു മുൻവശത്തെ പത്ത് സെന്റ് സ്ഥലത്താണ് കൃഷി ഒരുക്കിയത്. വിളവെടുപ്പ് ചടങ്ങിൽ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കെ.കെ. രാഗേഷ്, കാർഷികോല്പാദന കമ്മീഷണർ ഇഷിത റോയ് ഐ.എ.എസ്., കൃഷി ഡയറക്ടർ ഡോ.കെ. വാസുകി ഐ.എ.എസ്., കൃഷി വകുപ്പുദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

# സംഭരണം സംസ്കരണം വിപണനം എന്നിവയ്ക്ക് ഊന്നൽ നൽകി കർഷക വരുമാനം വർദ്ധിപ്പിക്കും

## കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

സംസ്ഥാനത്ത് കർഷക വരുമാനം 50 ശതമാനമെങ്കിലും വർദ്ധിപ്പിച്ച് കർഷകന് അന്തസായ ജീവിതനിലവാരം ഉറപ്പാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി കർഷകരുടെ ഉത്പന്നങ്ങൾ സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകും. കാർഷികോത്പാദക കമ്പനികൾ രൂപീകരിച്ച് ഇത്തരം പ്രവർത്തനങ്ങൾക്ക് ശക്തി പകരുമെന്ന് കൃഷിമന്ത്രി ശ്രീ. പി.പ്രസാദ് സൂചിപ്പിച്ചു. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഓണം സീസണോടനുബന്ധിച്ച് സംസ്ഥാനത്ത് ആരംഭിച്ച 2000 കർഷക ചന്തകളുടെ ഉദ്ഘാടനം തിരുവനന്തപുരം പാളയത്തെ ഹോർട്ടികോർപ്പ് വിപണിയിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്ന അദ്ദേഹം. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ. ജി.ആർ. അനിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മന്ത്രിമാരായ ശ്രീ. വി. ശിവൻകുട്ടി, ശ്രീ ആന്റണി രാജു എന്നിവരും പങ്കെടുക്കുകയുണ്ടായി.

മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മ പദ്ധതികളുടെ ഭാഗമായി ഇതിനകം തന്നെ 25 കാർഷികോത്പാദന കമ്പനികൾ രൂപീകരിക്കുന്നതിന് നടപടി ആയിട്ടുണ്ട്. ഉത്പന്നങ്ങൾ യഥാസമയം സംഭരിച്ച് വിപണനം ചെയ്യുന്നതിനായിരിക്കും വകുപ്പിന്റെ പദ്ധതികളിലും മുൻതൂക്കം. വിളവ് കൂടി എന്ന പ്രശ്നത്താൽ കർഷകർക്ക് യാതൊരു ബുദ്ധിമുട്ടും ഇനി നേരിടേണ്ടി വരില്ല. അതിനുള്ള ഇടപെടലുകൾ ശക്തമാക്കുമെന്നും മന്ത്രി പറഞ്ഞു. അത്തരത്തിലുള്ള ഒരു ഇടപെടലാണ് ഓണം പോലുള്ള ഉത്സവ സീസണുകളിൽ നടത്തുന്ന കർഷക ചന്തകൾ. 10 മുതൽ 20 ശതമാനം വരെ അധിക വില നൽകി സംഭരിച്ച് ഉൽപ്പാദകർക്ക് വിപണിവിലയെക്കാൾ 30 ശതമാനംവരെ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുകയാണ് കർഷക ചിന്തകളിലൂടെ നടത്തുന്നത്. ഓണസമൃദ്ധി 2021 എന്ന പേരിൽ ആരംഭിക്കുന്ന 2000 കർഷക ചന്തകൾ ആഗസ്റ്റ് 17 മുതൽ 20 വരെ പ്രവർത്തിക്കുമെന്നും മന്ത്രി പറഞ്ഞു.

പ്രതിസന്ധിഘട്ടത്തിലും ജനങ്ങളെ ചേർത്തു പിടിച്ചുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ വി. ശിവൻകുട്ടി അഭിപ്രായപ്പെട്ടു. കർഷക കൂട്ടായ്മകൾ ഉല്പാദിപ്പിച്ച നാടൻ ഉൽപ്പന്നങ്ങൾ കർഷക പ്രതിനിധിയായ ആനാട്ടെ കർഷകൻ പുഷ്കരൻ നായർ വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി മന്ത്രി വി. ശിവൻകുട്ടിയ്ക്ക് കൈമാറുകയും ചെയ്തു.

ഓണസമൃദ്ധി കർഷക ചന്തകളുടെ ആദ്യ വിൽപന ഗതാഗത വകുപ്പ് മന്ത്രി ശ്രീ ആന്റണി രാജു നിർവഹിച്ചു. തിരുവനന്തപുരം മേയർ കുമാരി ആര്യ രാജേന്ദ്രൻ ഉൽപ്പന്നങ്ങൾ മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി. പ്രകൃതി സൗഹൃദ കൃഷിയിലൂടെ ഉത്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ കുളത്തൂരിലെ കർഷകനായ ശ്രീ മോഹനനിൽ നിന്നും കൃഷിമന്ത്രി ഏറ്റുവാങ്ങി. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ ഡി. സുരേഷ് കുമാർ ,ഡെപ്യൂട്ടി മേയർ ശ്രീ പി കെ രാജു , ഹോർട്ടികോർപ്പ് മാനേജിങ് ഡയറക്ടർ ശ്രീ ജെ സജീവ്, വി.എഫ്.പി.സി.കെ സി .ഇ.ഒ ശ്രീ. വി. ശിവരാമകൃഷ്ണൻ എന്നിവർ ചടങ്ങിന് ആശംസകൾ നേർന്നു സംസാരിച്ചു. കൃഷി വകുപ്പ് ഡയറക്ടർ ഡോ കെ വാസുകി ഐഎഎസ് ചടങ്ങിന് സ്വാഗതവും കൃഷി അഡീഷണൽ ഡയറക്ടർ ശ്രീമതി അലിനി ആന്റണി നന്ദിയും അറിയിച്ചു.





# പാഷൻ ഫ്രൂട്ട്

**എം.എസ്. പ്രമോദ് കുമാർ**
കൃഷി ഡെപ്യൂട്ടി ഡയറക്ടർ
ഫാം ഇൻഫർമേഷൻ ബ്യൂറോ



കുളിർമയും ഊർജ്ജവും മധുരവും പകരുന്ന പാഷൻ ഫ്രൂട്ട് ജ്യൂസ് കേരളത്തിൽ വളരെ പ്രചാരമുള്ളതാണ്. ബ്രസീൽ സ്വദേശിയായ ഈ വള്ളിച്ചെടിയുടെ 2 ഇനങ്ങളാണ് പ്രധാനമായും കണ്ട് വരുന്നത്. ചെറിയ ഗോളം/ഓവൽ ആകൃതിയിൽ പർപ്പിൾ നിറമുള്ള പുറംതൊലിയോടുകൂടിയതും (Passiflora edulis) മഞ്ഞ തൊലിയോടുകൂടിയ താരതമ്യേന വലിപ്പമുള്ള ഇനവും (P.edulis var.flavicarpa) കാവേരി എന്ന ഹൈബ്രിഡ് ഇനവും പ്രചാരത്തിലുണ്ട്. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലെ ഉയർന്ന പ്രദേശങ്ങളിൽ ഈ വിള പ്രകൃത്യാതന്നെ വളരുന്നു. ജ്യൂസ്/സ്ക്വാഷ് രൂപത്തിനു പുറമെ കേക്ക്, ഐസ്ക്രീം, മിക്സഡ് സ്ക്വഷ് മുതലായവ തയ്യാറാക്കുവാനും പാഷൻ ഫ്രൂട്ട് ജ്യൂസ് ഉപയോഗിച്ചുവരുന്നു. വിറ്റമിൻ എ യുടെ സ്രോതസ്സ് എന്നതിനുപുറമെ സോഡിയം, മഗ്നീഷ്യം, സൾഫർ തുടങ്ങിയ ധാതുക്കളും ആന്റി ഓക്സിഡന്റുകളും പോളിഫിനോൾസ് തുടങ്ങിയ ആരോഗ്യദായമായ വസ്തുക്കളും കൊണ്ട് സമ്പന്നമാണ് ഈ ഫലം. കട്ടിയുള്ള പുറം തോടിനുള്ളിലെ മൃദുവായ പൾപ്പ് ആണ് ആഹാരയോഗ്യമായ ഭാഗം.

## കൃഷി രീതി

വിത്ത്, കമ്പ്, ഗ്രാഫ്റ്റിംഗ് എന്നീ രീതികളിലുള്ള നടീൽ വസ്തുക്കളാണ് നടീലിനായി ഉപയോഗിക്കുന്നത്. ഇവയിൽ വിത്ത് തൈകളും ഗ്രാഫ്റ്റുകളുമാണ് കൂടുതൽ മെച്ചപ്പെട്ടത്. ഫലത്തിൽ നിന്നും പൾപ്പ് വേർപ്പെടുത്തി 3 ദിവസം ഫെർമെന്റ് ചെയ്തശേഷമാണ് ഇതിൽ നിന്നും വിത്തുകൾ എടുക്കുന്നത്. ഈ വിത്തുകൾ പാകി 4 മുതൽ 6 ഇല പരുവത്തിൽ പോളിബാഗിലേയ്ക്കും തുടർന്ന് 3 മാസത്തിനു ശേഷം കൃഷിയിടത്തിലും നടാവുന്നതാണ്. മാർച്ച്- ഏപ്രിൽ മാസങ്ങളാണ് വിത്ത് പാകുന്നതിന് അനുയോജ്യമായ സമയം.

അമിതമായ കാറ്റ് ഉണ്ടാകുന്ന പ്രദേശങ്ങളിൽ വള്ളികൾ നടുന്നത് ഒഴിവാക്കണം. 45 സെ.മി (ഒന്നരയടി) വീതം നീളം, വീതി ആഴത്തിലുള്ള കുഴികൾ സമതലങ്ങളിൽ 2*2 മീറ്റർ അകലത്തിലും ചരിവുള്ള പ്രദേശങ്ങളിൽ 2*3 മീറ്റർ അകലത്തിലെടുത്ത് ഇവയിൽ മേൽമണ്ണും കമ്പോസ്റ്റും നിറച്ചുവേണം തൈകൾ/ഗ്രാഫ്റ്റുകൾ നടേണ്ടത്. ചെടികൾ പന്തലിലെത്തുന്നതുവരെ ചുവട്ടിൽ നിന്നും ഒറ്റ തണ്ടായി പോസ്റ്റ്/പില്ലറുകളിൽ വളർത്താവുന്നതാണ്. ഇതിനുശേഷം തണ്ടിൽ നിന്നും മുളയ്ക്കുന്ന ആരോഗ്യമുള്ള 2 വള്ളികൾ എതിർദിശകളിലായി പന്തലിൽ പടർത്തേണ്ടതാണ്. ഇവയിൽ നിന്നും പിന്നീടുണ്ടാകുന്ന വള്ളികളെ (laterals) പന്തലിൽ താഴേക്ക് തൂങ്ങിക്കിടക്കുന്ന രീതിയിൽ വളർത്തിയെടുക്കുക. ഇവയിലാണ് ഫലങ്ങൾ കൂടുതലായി ഉണ്ടാകുന്നത്. പന്തൽ തെക്ക് വടക്കായി സ്ഥാപിക്കുന്നത് കൂടുതൽ സൂര്യപ്രകാശം ലഭിക്കുന്നതിനും തദ്വാരാ ഉത്പാദന വർദ്ധനവിനും സഹായിക്കും. അതാത് സീസണിലുണ്ടാകുന്ന വള്ളികളിലാണ് പൂക്കളും കായ്കളും ഉണ്ടാകുന്നുവെന്നതിനാൽ ഫലങ്ങൾ പറിച്ചശേഷം വള്ളികൾ പ്രൂണിംഗ് ചെയ്യുന്നത് പുതിയ വള്ളികൾ ഉണ്ടാകുന്നതിനും സ്ഥിരമായി നല്ല വിളവ് കിട്ടുന്നതിനും സഹായിക്കും.

## വളപ്രയോഗം

ജൈവവളപ്രയോഗം ഫലവത്താണെന്ന് കണ്ടിട്ടുണ്ട് ഒന്നാം വർഷം വള്ളിയൊന്നിന് 10 കിലോയും രണ്ടാം വർഷം മുതൽ 15 കിലോ പ്രകാരത്തിലും ജൈവവളം നൽകാവുന്നതാണ്. ചാണകം, വെർമികമ്പോസ്റ്റ് മുതലായ 3:1/4:1 അനുപാതത്തിൽ കലർത്തി നൽകാവുന്നതാണ്.

## കീടനിയന്ത്രണം

കായീച്ച, ത്രിപ്പ്സ്, എന്നിവ ഫലങ്ങളെയും വള്ളികളെയും ഇലകളേയും ബാധിക്കുന്നു. വള്ളികളെ ബാധിക്കുന്ന ബ്രൗൺ സ്പോട്ട്, വേരുകളിലെ ഫംഗസ് ബാധ, ഫ്യൂസേറിയം ബാധ മൂലമുണ്ടാകുന്ന കോളർ റോട്ട് എന്നിവയാണ് പ്രധാന രോഗങ്ങൾ. ജൈവകീടനാശിനികളും ഫംഗസ് ബാധക്കെതിരായി ബോർഡോ മിശ്രിതവുമുപയോഗിച്ച് നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

## വിളവെടുപ്പ്

നട്ട് 10 മാസങ്ങൾക്ക് ശേഷം ഉത്പാദനം ആരംഭിക്കുകയും ഒന്നര - രണ്ട് വർഷം കൊണ്ട് ഉല്പാദന സ്ഥിരത കൈവരിക്കുകയും ചെയ്യും. മാർച്ച് - മേയ്, ആഗസ്- ഡിസംബർ എന്നീ മാസങ്ങളിലായി വർഷത്തിൽ 2 തവണ വിളവെടുക്കാം. പഴങ്ങൾ 80-85 ദിവസങ്ങൾ കൊണ്ട് പച്ചനിറം മാറി പർപ്പിൾ നിറമാറ്റം തുടങ്ങുമ്പോഴേയ്ക്കും ചെറിയ തണ്ടോടുകൂടി മുറിച്ചെടുത്ത് ഉടൻ തന്നെ വിപണിയിലെത്തിക്കുക. അല്ലാത്തപക്ഷം പൾപ്പ് കേടുകൂടാതെയിരിക്കുമെങ്കിലും പുറംതൊലി ചുളുങ്ങി പഴങ്ങളുടെ ഭംഗി നഷ്ടപ്പെടുവാനും വിപണി ഡിമാന്റ് കുറയുവാനും കാരണമാകും.

ഒരു വർഷം വള്ളിയൊന്നിൽ നിന്നും 200 - 250 ഫലങ്ങൾ വരെ ശരാശരി ലഭിക്കാറുണ്ട്. അതായത് ഹെക്ടറൊന്നിന് 8-10 ടൺ.

കൃത്യമായ വിളപരിപാലനവും വിപണനവും സാധ്യമാക്കിയാൽ കർഷകർക്ക് ചെറിയ കൃഷി സ്ഥലത്തുനിന്നും നല്ല വരുമാനമാർഗ്ഗമാണ് ആരോഗ്യദായിനിയായ പാഷൻ ഫ്രൂട്ട് എന്ന ഫലവർഗ്ഗവിള.

# ആദായകരമായ ആടുവളർത്തൽ

ഭാഗം - 2

# കൂടു നിർമ്മാണം

ഡോ. വേണുഗോപാൽ ആർ.
ഡോ. ആശ റ്റി.റ്റി.

വ്യാവസായികടിസ്ഥാനത്തിൽ ആടുവളർത്തൽ ആരംഭിക്കുമ്പോൾ ഏറ്റവും അധികം നിക്ഷേപം ആവശ്യമായിവരുന്നത് കൂടുനിർമ്മാണത്തിനാണ്. ആയതിനാൽ ചിലവുകുറഞ്ഞ പാർപ്പിടം നിർമ്മിക്കുന്നതിലൂടെ സ്ഥിരനിക്ഷേപമായി വരുന്ന ചിലവ് കുറയ്ക്കാം. ശാസ്ത്രീയമായി പാർപ്പിടം നിമ്മിക്കുമ്പോൾ ലക്ഷ്യം വയ്ക്കേണ്ടത് ആടുകൾക്ക് ഏറ്റവും സുഖകരമായ അന്തരീക്ഷം ഒരുക്കുക വഴി ഉൽപാദനം വർദ്ധിപ്പിയ്ക്കുകയും അറ്റാദായം കൂട്ടുകയും ചെയ്യുന്നതിനാകണം.. കൂടുകളിൽ ആവശ്യത്തിനു വായുസഞ്ചാരവും വൃത്തിയും ഇല്ലെങ്കിൽ അസുഖങ്ങളുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. രക്താതിസാരം പോലെയുള്ള രോഗങ്ങൾ വരുവാൻ വൃത്തിഹീനമായ ചുറ്റുപാടുകളാണ്.

## പരമ്പരാഗത രീതി

നാട്ടിൻപുറത്ത് ലഭ്യമായ ചിലവുകുറഞ്ഞ വസ്തുക്കളുപയോഗിച്ച് വീടിനോട് ചേർന്നോ അല്ലാതെയോ ഉണ്ടാക്കുന്ന കൂടുകൾ ഗ്രാമപ്രദേശങ്ങളിൽ സർവ്വസാധാരണയാണ്. രണ്ടാടുകളുടെ കുടുംബത്തെ പാർപ്പിക്കാൻ 1.5 മീറ്റർ വീതിയും 3 മീറ്റർ നീളവും ഉള്ള കൂട് മതിയാകും. മൂന്നു മീറ്ററിൽ 0.3 മീറ്റർ തീറ്റ സ്ഥലമായി ഉപയോഗിച്ചാൽ ബാക്കി വരുന്നതിൽ 1.2 മീറ്റർ നീളം ഒരുആടിന് നിൽക്കാൻ ഉപയോഗിയ്ക്കാം. ശേഷിക്കുന്ന 1.5 മീറ്റർ സ്ഥലം പ്രസവിച്ച ആടിനായി മാറ്റിവയ്ക്കാം. വീടിന്റെ ഭിത്തിയോട് ചേർന്ന് 2.3 മീറ്റർ ഉയരവും മറുവശത്ത് 1.7 മീറ്റർ ഉയരവും കൂട്ടിനുള്ളിൽ ആവശ്യത്തിന് വായുസഞ്ചാരം ഉറപ്പാക്കും. ഓടോ ഓലയോ മേൽക്കൂരക്ക് ഉപയോഗിക്കുന്നത് സവ്വസാധാരണമാണ്. ആടിന്റെ ശരീരത്തിൽ തണുത്ത കാറ്റ് അടിയ്ക്കാത്ത വിധം കൂടിനുചുറ്റും മറയ്ക്കുകയോ തടി ഫ്രയിം ഉപയോഗിക്കുകയോ ചെയ്യാം.

ഒരാടിനൊറ്റയ്ക്ക് പാർക്കാൻ 1.8 മീറ്റർ നീളവും 1.8 മീറ്റർ വീതിയും ഉള്ള കൂട് മതി. മുട്ടനാടിന് വേണ്ടി 2.5 മീറ്റർ X 2 മീറ്റർ വലുപ്പത്തിലുള്ള ഒരുകൂട് വേണം. ഒന്നിൽ കൂടുതൽ മുട്ടനാടുകളെ ഒരുകൂട്ടിൽ ഇടരുത്. 28 സെൻറീമീറ്റർ സമചതുരാകൃതിയിലുള്ള 2.5 സെൻറീമീറ്റർ കനമുള്ള പലകയിൽ വൃത്താകൃതിയിലുള്ള രണ്ട് ഗാൽവനൈസ്ഡ് അയൺ പാത്രങ്ങൾ വയ്ക്കുവാനുള്ള സുഷിരമിട്ട് തറയിൽ നിന്നും 50-60 സെൻറീമീറ്റർ ഉയരത്തിൽ ഭിത്തിയോട് ചേർത്ത് ഘടിപ്പിച്ചാൽ തീറ്റയും വെള്ളവും നൽകുവാനായി



ഉപയോഗിക്കാം.

വ്യാവസായാടിസ്ഥാനത്തിൽ ആടുകളെ വളർത്തുമ്പോൾ ആടിന്റെ ഇനത്തിനും വലുപ്പത്തിനും പ്രായത്തിനും ഒക്കെ അനുസരിച്ച് ആവശ്യമായ സ്ഥലവും തീറ്റസ്ഥലവും വ്യത്യാസപ്പെടും. കൂട്ടിനുള്ളിൽ വളർത്തുന്ന ആടുകളെ കുറച്ച് സമയം അഴിച്ച് വിടുന്നതിനാവശ്യമായ ഉറസായ സ്ഥലവും(പാഡക്ക്) ആട്ടിൻ കൂടിനോടു ചേർന്ന് ഒരുക്കേണ്ടതുണ്ട്. കേരളത്തിലെ കാലാവസ്ഥയിൽ തറയിൽ നിർത്തുന്നതിനേക്കാൾ തറനിരപ്പിൽ നിന്നും ഉയരത്തിൽ തട്ടുണ്ടാക്കി അതിൽ ആടുകളെ പാർപ്പിക്കുന്നതാകും നല്ലത്.

- ആട്ടിൻ കൂടിനുള്ള സ്ഥലം തിരഞ്ഞെടുക്കുമ്പോൾ ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം:-
- തറനിരപ്പിൽനിന്നും ഉയർന്ന സ്ഥലത്തായിരിക്കണം ഷെഡ് നിർമ്മിക്കേണ്ടത്.
- വെള്ളക്കെട്ടുള്ള സ്ഥലങ്ങൾ ഒഴിവാക്കണം.
- അതിശക്തമായി കാറ്റ് വീശാത്ത് സ്ഥലമാകണം.
- വഴി സൗകര്യം ഉണ്ടാകണം.

നമ്മുടെ കാലാവസ്ഥയിൽ സൂര്യപ്രകാശം രാവിലേയും വൈകിട്ടും കൂടിനകത്ത് നേരിട്ട് പതിക്കത്തക്ക രീതിയിൽ കിഴക്ക് പടിഞ്ഞാറു ദിശയിൽ നിർമ്മിക്കുന്ന ഷെഡുകളാണ് ആടുകളെ പാർപ്പിക്കാൻ അഭികാമ്യം. കൂട്ടിനുള്ളിൽ വെള്ളത്തിന്റേയും വെളിച്ചത്തിന്റേയും ലഭ്യത ഉറപ്പാക്കണം.

തറയിൽ നിന്നും 1-1.5 മീറ്റർ ഉയരത്തിൽ ആടുകൾക്ക് നിൽക്കുവാനായി അഴികളടിച്ച തട്ടുകളോടു കൂടിയ കൂടുകളാണ് അഭികാമ്യം. തറയിൽ നിന്നും ഉയർത്തിയ കൂടുകളുടെ ദോഷവശം ചെലവ് കൂടുതലാണെന്നതാണ്. ചെലവ് കുറഞ്ഞ, പ്രാദേശികമായി ലഭിക്കുന്ന മരത്തടി കഷണങ്ങളുപയോഗിച്ച് ഷെഡ് നിർമ്മിക്കാം. വിടവ് കൂടുതലായാൽ കാലിനും പാദത്തിനും ക്ഷതം സംഭവിക്കും. കൂടുകളുടെ താഴ്ഭാഗം തറനിരപ്പിൽ നിന്നും ഉയർന്നു നിൽക്കുന്നതിനാൽ കാഷ്ഠവും മൂത്രവും തട്ടിന്റെ വിടവിലൂടെ തറയിൽ വീഴും. അതിനാൽ തന്നെ കൂട് വൃത്തിയാക്കാൻ എളുപ്പമാണ്. മാത്രമല്ല, പരാദബാധയും രക്താതിസാരവും പോലെയുള്ള രോഗങ്ങൾ നിയന്ത്രിക്കാൻ എളുപ്പവുമാണ്. ആടുകൾക്ക് പാർപ്പിടമൊരുക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിയ്ക്കേണ്ടതാണ്.

- തറ സിമന്റിടുന്നതാണ് വൃത്തിയാക്കാൻ സൗകര്യം. കാഷ്ഠം ദിനംപ്രതി നീക്കം ചെയ്യുന്നത് ഷെഡിനുള്ളിലെ അമോണിയയുടെ അളവ് കുറയ്ക്കാൻ സഹായിക്കും.
- കാഷ്ഠവും മൂത്രവും കൂട്ടിയിടുവാനുള്ള സൗകര്യം ഉണ്ടാകണം.
- എപ്പോഴും തട്ട് ഉണങ്ങിയിരിക്കാൻ ശ്രദ്ധിയ്ക്കണം.
- ആവശ്യത്തിനും വെളിച്ചവും വായുവും കടക്കണം.
- കൂട്ടിനുള്ളിൽ ശുദ്ധജലലഭ്യത ഉറപ്പാക്കണം.
- ഷെഡിനുള്ളിൽ ഊഷ്മാവും ആർദ്രതയും കൂടാൻ പാടില്ല.
- മഴവെള്ളം കൂടിനകത്തേയ്ക്ക് വീഴരുത്.
- ക്ഷുദ്രജീവികളും കീടങ്ങളും കൂടിനുള്ളിൽ കടക്കരുത്.

*(തുടരും)*

# നൂറാമത് നഗര വഴിയോര ആഴ്ച്ചചന്ത ഉദ്ഘാടനം

കൂട്ടായ പരിശ്രമത്തിലൂടെ സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടാൻ കഴിയുമെന്ന് കൃഷി വകുപ്പ് മന്ത്രി ശ്രീ പി.പ്രസാദ്. നിലവിൽ പച്ചക്കറി ഉല്പാദനത്തിൽ മുന്നേറാൻ സംസ്ഥാനത്തിനു കഴിഞ്ഞു. ഒരു വർഷം 22 ലക്ഷം ടൺ പച്ചക്കറികളാണ് സംസ്ഥാനത്തിന്റെ ആവശ്യം. 17 ലക്ഷം ടൺ വരെ പച്ചക്കറികൾ ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ട്. പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടാനാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. നൂറ് നഗര വഴിയോര ആഴ്ച്ചചന്തകളുടെ പൂർത്തീകരണ പ്രഖ്യാപനവും അങ്കമാലിയിൽ തുടങ്ങുന്ന നൂറാമത് ആഴ്ച്ചചന്തയുടെ ഉദ്ഘാടനവും 31-08-2021 ന് ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാന സർക്കാരിന്റെ നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി പൂർത്തിയാക്കിയത്. കാർഷിക വിപണി ഇടപെടലിന്റെ ഭാഗമായി കേരള സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. 100 ആഴ്ച ചന്തകളാണ് സംസ്ഥാനത്ത് ആരംഭിച്ചത്.

റോജി എം ജോൺ എം എൽ എ ആദ്യ വില്പന നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ഉല്ലാസ് തോമസ്, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മേരി ദേവസിക്കുട്ടി, മുനിസിപ്പൽ ചെയർമാൻ ശ്രീ റെജി മാത്യു, കർഷക പ്രതിനിധി ശ്രീ എം ഡി ദേവസ്സി മേനാച്ചേരി, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി ബബിത ഇ.എം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ശ്രീലേഖ ബി ആർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ മാർക്കറ്റിംഗ് ശ്രീമതി. ദീപ ടി.ഒ., എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# കോഴിക്കോട് ജില്ലാതല കർഷക ദിനവും ഓണ ചന്തയും മന്ത്രി ശ്രീ എ.കെ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു

ജില്ലാതല കർഷക ദിനവും ഓണ വിപണിയും വനം വന്യജീവി വകുപ്പ് മന്ത്രി ശ്രീ എ. കെ.ശശീന്ദ്രൻ ഓൺലൈനായി ഉൽഘാടനം ചെയ്തു. ചടങ്ങിൽ കാക്കൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ സി.എം.ഷാജി അധ്യക്ഷം വഹിച്ചു.പുത്തൻ കൃഷി രീതികളുമായി യുവതലമുറ കൃഷിയിലേക്ക് കടന്നു വരുന്നത് പ്രോത്സാഹിപ്പിക്കണം എന്ന പ്രസിഡന്റ് പറഞ്ഞു.കോഴിക്കോട് പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ ശ്രീമതി ഷേർളി എ എഫ് പദ്ധതി വിശദീകരണം നടത്തി. കർഷകരും കർഷകത്തൊഴിലാളികളും ജന പ്രതിനിധികളും പ്രമുഖരും പങ്കെടുത്ത ചടങ്ങിൽ കാക്കൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി കെ.ജി.ഗീത സ്വാഗതവും കൃഷി ഓഫീസർ ശ്രീമതി പി.വി.നന്ദിത നന്ദിയും പറഞ്ഞു.




# കോഴിക്കോട് കോർപ്പറേഷൻ കൃഷിഭവൻ കർഷകദിനം

കോഴിക്കോട് കോർപറേഷൻ കൃഷിഭവൻ ദിനാചരണം തുറമുഖ വകുപ്പ് മന്ത്രി ശ്രീ. അഹമദ് ദേവർകോവിൽ ഉൽഘാടനം ചെയ്തു. സംസ്ഥാന സർക്കാർ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്ന മേഖലയാണ് കൃഷിയും അനുബന്ധ മേഖലയും എന്ന് മന്ത്രി പറഞ്ഞു.

കോഴിക്കോട് നോർത്ത് എം എൽ എ ശ്രീ തോട്ടത്തിൽ രവീന്ദ്രൻ കർഷകരെയും കർഷക തൊഴിലാളികളെയും വിദ്യാർഥികളെയും ചടങ്ങിൽ ആദരിച്ചു. കോഴിക്കോട് കോർപറേഷൻ മേയർ ഡോ.ബീന ഫിലിപ് ചടങ്ങിൽ അധ്യക്ഷം വഹിച്ചു.ഡെപ്യൂട്ടി മേയർ ശ്രീ മുസാഫിർ അഹമദ് ഉൾപ്പെടെ ഉള്ള ജനപ്രതിനിധികളും




പ്രമുഖരും പങ്കെടുത്ത പരിപാടിയിൽ കൃഷി ഫീൽഡ് ഓഫിസർ ശ്രീ കെ.ടി. മുഹമ്മദ് സാലിം സ്വാഗതവും ശ്രീമതി റാഹീന കെ.ടി നന്ദിയും പറഞ്ഞു.

# കോഴിക്കോട് കോർപറേഷൻ ഓണ ചന്ത തോട്ടത്തിൽ ശ്രീ. രവീന്ദ്രൻ എം.എൽ.എ ഉൽഘാടനം ചെയ്തു

കോഴിക്കോട് കോർപറേഷന്റെയും കൃഷിഭവന്റെയുംസംയുക്ത സഹകരണത്തോടെ നടത്തിയ ഓണം പച്ചക്കറി ചന്ത കോഴിക്കോട് നോർത്ത് എം.എൽ.എ ശ്രീ തോട്ടത്തിൽ രവീന്ദ്രൻ ഉൽഘാടനം ചെയ്തു. കേരളം പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തതയിലേക്കു മാറുകയാണ് എന്ന് എം.എൽ.എ അഭിപ്രായപ്പെട്ടു. ചടങ്ങിൽ കൗൺസിലർ ശ്രീ അൽഫോൻസ് മാത്യു അധ്യക്ഷം വഹിച്ചു. കോർപറേഷൻ ജനപ്രധിനിധികളും കർഷകരും, കർഷകത്തൊഴിലാളികളും പങ്കെടുത്ത പരിപടിയിൽ കൃഷി ഫീൽഡ് ഓഫിസർ ശ്രീ കെ.ടി.മുഹമ്മദ് സാലിം സ്വാഗതവും കൃഷി അസിസ്റ്റന്റ് ശ്രീമതി ടി.ആർ രോഹിണി നന്ദിയും പറഞ്ഞു.



# ക്ഷീരകർഷക ക്ഷേമനിധി സമ്പൂർണ്ണ അംഗത്വ ക്യാമ്പയിൻ മന്ത്രി ശ്രീമതി. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു

ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന മുഴുവൻ ക്ഷീരകർഷകരെയും ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ക്ഷീരകർഷക ക്ഷേമനിധി സമ്പൂർണ്ണ അംഗത്വ ക്യാമ്പയിന്റെ ഉദ്ഘാടനം കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി നിർവഹിച്ചു. പാൽ പരിശോധനാ സംവിധാനം ശക്തമാക്കി മായം കലരാത്തതും ഗുണമേന്മയുള്ളതുമായ പാൽ വിപണിയിൽ എത്തിക്കുക എന്നുള്ളതാണ് ക്ഷീരവികസന വകുപ്പിന്റെ ലക്ഷ്യമെന്ന് മന്ത്രി ചടങ്ങിൽ പറഞ്ഞു. ചടങ്ങിൽ മികച്ച കർഷകനെ ആദരിച്ചു. ക്ഷീര കർഷക ക്ഷേമനിധി ബോർഡ് ചെയർമാൻ മുൻ എം.എൽ.എ അഡ്വ. എൻ. രാജൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ക്ഷേമനിധി സഹായ വിതരണം കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സാം കെ. ഡാനിയേൽ നിർവഹിച്ചു. മിൽമ ചെയർമാൻ ശ്രീ. കെ.എസ്. മണി, ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ലതിക വിദ്യാധരൻ, ഇ.ആർ.സി.എം.പി.യു ചെയർമാൻ ശ്രീ. ജോൺ തെരുവത്ത്, ക്ഷേമനിധി ബോർഡ് അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. കെ.ഡി.എഫ്. ഡബ്ല്യൂ.എഫ്. ബി ബോർഡ് മെമ്പർ ശ്രീ. ബി. ഷാജഹാൻ സ്വാഗതവും കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. നിഷ ബി. ചടങ്ങിന് കൃതജ്ഞതയും പറഞ്ഞു.




ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh